**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3862** | **06-08-2021 - ൽ മറുപടിയ്ക്ക്**

**ജല മലിനീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലമലിനീകരണം സംസ്ഥാനത്തെ പുഴകളെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്നുള്ളതിന്റെ പഠനം സർക്കാർ തലത്തിൽ നടന്നിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകാമോ; | (എ) | കേരളത്തിലെ പുഴകൾ വിവിധ തരത്തിലുള്ള മാലിന്യ പ്രശ്നം നേരിടുന്നുണ്ട്. പുഴകളിലെ ജലഗുണനിലവാരം സംബന്ധിച്ച് തുടർച്ചയായ മോണിറ്ററിംഗ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തി വരുന്നു. കൂടാതെ, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള സ്ഥാപനമായ "സെൻറർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്(CWRDM) കോഴിക്കോട്, പുഴകളിലെ ജലഗുണനിലവാര പരിശോധന നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ തലത്തിൽ നടത്തുന്ന നദീജല ഗുണനിലവാര പരിശോധനയുടെ ഭാഗമായി നടത്തിയ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങളിലെ ജലഗുണനിലവാരം താഴ്ന്ന നിലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജല മലിനീകരണം പുഴകളെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്നതിന്റെ പഠനം എന്ന നിലയ്ക്ക് കേരളത്തിലെ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നീ നദികളുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിന്റെ കീഴിൽ തയ്യാറാക്കി വരുന്നു. |
| (ബി) | പുഴകളുടെ തീരങ്ങളിൽ മഴക്കാലത്ത് അടിഞ്ഞ് കൂടുന്ന മണൽ മാറ്റുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (ബി) | മഴക്കാലത്ത് പുഴയുടെ തീരങ്ങളിലും പുഴയിലും അടിഞ്ഞു കൂടുന്ന മണൽ മാറ്റുന്നതിന് വിവിധ വകുപ്പുകൾ നടപടി സ്വീകരിക്കാറുണ്ട്. നദീഭാഗം വനമേഖലയ്ക്കകത്താണ് വരുന്നതെങ്കിൽ വനം വന്യജീവി വകുപ്പാണ് നടപടി സ്വീകരിച്ചു വരുന്നത്. മറ്റ് പ്രദേശങ്ങളിൽ റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് മണൽ നീക്കുന്നതിനുള്ള നടപടികൾ പൊതുവിൽ സ്വീകരിച്ചു വരുന്നത്. ബഹു. സുപ്രീംകോടതി, |

| | | | |
|---|---|---|---|
| | | | ബഹു.ഹരിത ട്രിബ്യൂണൽ തുടങ്ങിയവയുടെ വിധികളുടെ/ ഉത്തരവുകളുടേയും കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗരേഖകളുടേയും മാനേജ്മെൻറ് പ്ലാനിന്റെയും [(i) Sustainable sand Mining Management Guidelines 2016, (ii) Enforcement & Monitoring Guide lines for sand Mining 2020] അടിസ്ഥാനത്തിൽ മണൽ മാറ്റുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ